**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 77** **18-09-2025 - ൽ മറുപടിയ്ക്ക്**

**റൂം ഫോർ റിവർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. എൻ. ഷംസുദ്ദീൻ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രളയം ഉണ്ടാകുന്നത് തടയുന്നതിനായി റൂം ഫോർ റിവർ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. റൂം ഫോർ റിവർ പദ്ധതി അന്തിമമായിട്ടില്ല. കുട്ടനാട്ടിലെ വെള്ളപ്പൊക്ക നിയന്ത്രണത്തിന്റെ ഭാഗമായി "റൂം ഫോർ റിവർ" പദ്ധതി റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി നടപ്പിലാക്കുവാൻ തീരുമാനിക്കുകയും വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിനായി 07.12.2019 തീയതിയിലെ സ.ഉ.(സാധാ) നം. 918/2019/ജവിവ ഉത്തരവ് പ്രകാരം 4.5 കോടി രൂപയുടെ ഭരണാനുമതിയും 16.01.2020 തീയതിയിലെ സ.ഉ.(കൈ) നം. 06/2020/ജവിവ ഉത്തരവ് പ്രകാരം നിർവ്വഹണാനുമതിയും നൽകി ഉത്തരവായിരുന്നു. റൂം ഫോർ റിവർ പദ്ധതിയുമായി ബന്ധപ്പെട്ട ഹൈഡ്രോഡൈനാമിക് പഠനം നടത്തുന്നതിനാവശ്യമായ 1.38 കോടി രൂപ പദ്ധതിരേഖ തയ്യാറാക്കുന്നതിനായി റീബിൽഡ് കേരള ഇനിഷ്യേറ്റീവ് ഫണ്ടിൽ നിന്നും അനുവദിച്ച 4.5 കോടി രൂപയിൽ നിന്നും ചെലവഴിക്കുന്നതിന് 25.06.2020 തീയതിയിലെ സ.ഉ.(സാധാ.) നം. 416/2020/ജവിവ ഉത്തരവ് പ്രകാരം ഉത്തരവായിരുന്നു.<br><br>കുട്ടനാട്ടിലെ വെള്ളപ്പൊക്ക നിയന്ത്രണത്തിന്റെ ഭാഗമായുള്ള "റൂം ഫോർ റിവർ" പദ്ധതി നടത്തിപ്പിനായുള്ള ഹൈഡ്രോഡൈനാമിക് പഠനത്തിന്റെ കൺസൾട്ടൻസി സർവ്വീസിനായി ചെന്നൈയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയെ ചുമതലപ്പെടുത്തുന്നതിനും സംസ്ഥാന സർക്കാരിനുവേണ്ടി പ്രസ്തുത സ്ഥാപനവുമായി ധാരണാപത്രത്തിൽ ഏർപ്പെടുന്നതിനും ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിക്കൊണ്ടും |

| | | | |
|---|---|---|---|
| | | | 15/02/2021 തീയതിയിലെ സ.ഉ.(സാധാ) നം. 113/2021/ജവിവ പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (ബി) | ഇതിനായി പ്രത്യേക സമിതികൾ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | റൂം ഫോർ റിവർ പദ്ധതി നടപ്പിലാക്കുന്നതിനായി പ്രത്യേക സമിതികൾ ഒന്നും തന്നെ ജലസേചന വകുപ്പിനു കീഴിൽ രൂപീകരിച്ചിട്ടില്ല. |
| (സി) | ഈ പദ്ധതിക്കാവശ്യമായ തുക എപ്രകാരം സ്വരൂപിക്കാനാണ് ആലോചിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | ഇക്കാര്യത്തിൽ അന്തിമ തീരുമാനം ആയിട്ടില്ല. മറിച്ച് പദ്ധതിയുടെ നടത്തിപ്പ് രീതിയും മറ്റു വിശദ നടപടികളും തീരുമാനിക്കുന്നതിനനുസരിച്ച് തുക കണ്ടെത്തുന്ന കാര്യവും തീരുമാനിക്കാവുന്നതാണ് . |

സെക്ഷൻ ഓഫീസർ